(സി) കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)&(ബി) ഇല്ല.

(സി) ബാധകമല്ല.

8 (*243) സാക്ഷരതാ മിഷന്റെ തുടർ വിദ്യാഭ്യാസ പദ്ധതി

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാക്ഷരതാ മിഷന്റെ തുടർ വിദ്യാഭ്യാസ പദ്ധതിയുടെ പുരോഗതി എന്തെന്ന് അറിയിക്കുമോ;

(ബി) ഏതൊക്കെ ജില്ലകളിൽ മാതൃകാ വികസന വിദ്യാകേന്ദ്രങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) സാക്ഷരതാമിഷന്റെ 'അക്ഷരശ്രീ' പ്രോജക്ടിന് ദേശീയ സാക്ഷരതാമിഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) സാക്ഷരതാ പ്രവർത്തനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യവർഷം തന്നെ 3500 തുടർവിദ്യാ കേന്ദ്രങ്ങളും 500 വികസന വിദ്യാകേന്ദ്രങ്ങളും ആരംഭിക്കുകയുണ്ടായി. ഇവയിലൂടെ ഒരു പ്രദേശത്തെ പ്രസക്തമായ പരിശീലന പരിപാടികളും, സാക്ഷരതാ പ്രവർത്തനങ്ങളും നിരക്ഷരർക്ക് വേണ്ടിയുള്ള തുല്യതാപ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. തൊഴിൽ രംഗത്ത് മാർഗ്ഗനിർദ്ദേശം നൽകാനായി നിരവധി പുസ്തകങ്ങളും പ്രസിദ്ധീകരിച്ചുവരുന്നു.

(ബി) മാതൃകാ വികസനകേന്ദ്രങ്ങൾ എല്ലാ ജില്ലയിലും രണ്ടെണ്ണം വീതമാണ് പ്രവർത്തിക്കുക. അതിന് ഫണ്ട് അനുവദിച്ചുകഴിഞ്ഞു. ഇടുക്കി, കൊല്ലം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ കേന്ദ്രങ്ങൾ ആരംഭിച്ചു. മറ്റു ജില്ലകളിൽ കേന്ദ്രം തുടങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) 'അക്ഷരശ്രീ' പ്രോജക്ടിന് ദേശീയ സാക്ഷരതാ മിഷന്റെ അനുമതി ഇനിയും ലഭിച്ചിട്ടില്ല.

9 (*244) ഹിൽഹൈവേ നിർമ്മിക്കുന്നതിന് സാദ്ധ്യതാപഠനം

ശ്രീ. എം.പി. വർഗ്ഗീസ് :

ശ്രീ. പി. രാഘവൻ :

ശ്രീ. വർഗ്ഗീസ് വൈദ്യർ :

ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹിൽ ഹൈവേ നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly